## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **11-02-2025 - ൽ മറുപടിയ്ക്ക്**

## വനം സ്ലീപ്പർ സെല്ലുകളുടെ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഓരോ വനം സർക്കിളിലും സ്ലീപ്പർ സെല്ലുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | 22.01.2025 തീയതിയിലെ സ.ഉ.(സാധാ) നം. 26/2025/വനം നമ്പർ പ്രകാരം, വനം വന്യജീവി മേഖലകളിലെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് വനം സർക്കിളുകളിലും രഹസ്യ വിവര ശേഖരണത്തിനായി ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെൽ നിബന്ധനകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി രഹസ്യവിവരണത്തിൽ കഴിവും അഭിരുചിയുമുള്ള ജീവനക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്. |
| (ബി) | സ്ലീപ്പർ സെല്ലുകൾ വനം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഫീൽഡ് വിഭാഗത്തിന്റെ തുടർച്ചയായ വീഴ്ചകൾ തടയുന്നതിനും പര്യാപ്തമാകുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | വനം വന്യജീവി മേഖലകളിലെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് സ്ലീപ്പർ സെല്ലുകൾ രൂപീകരിച്ചിട്ടുള്ളത്. സ്ലീപ്പർ സെല്ലുകൾ വനം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഫീൽഡ് വിഭാഗത്തിന്റെ തുടർച്ചയായ വീഴ്ചകൾ തടയുന്നതിനും പര്യാപ്തമാകുമോയെന്ന് പ്രസ്തുത സെല്ലിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചതിനുശേഷം പരിശോധിക്കുന്നതാണ്. |
| (സി) | ഇത്തരത്തിലുള്ള സ്ലീപ്പർ സെല്ലുകളുടെ ചുമതല ആർക്കാണ് എന്നറിയിക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ ഏത് രീതിയിലാണെന്ന് വിശദമാക്കാമോ? | (സി) | ഫോറസ്റ്റ് ഇന്റലിജൻസ് സ്ലീപ്പർ സെല്ലിന്റെ പ്രവർത്തനം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) -ന്റെ മേൽനോട്ടത്തിൽ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആണ് ചുമതലകൾ നിർവഹിച്ചുവരുന്നത്. സർക്കിൾതല മേധാവിമാരാണ് സ്ലീപ്പർ സെല്ലിലേക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ച് ഉത്തരവാകേണ്ടത്. ഇതിലേക്കായി സർക്കിൾ മേധാവി രഹസ്യ വിവര ശേഖരണത്തിൽ |

| | | | |
|---|---|---|---|
| | | | കഴിവും അഭിരുചിയും താല്പര്യമുള്ള അഞ്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ അതാത് ഓഫീസുകളിൽ നിലനിർത്തിക്കൊണ്ട് തന്നെ നിയമിക്കേണ്ടതും, അപ്രകാരം നിലനിന്നു കൊണ്ട് തന്നെ അവർ രഹസ്യ വിവര ശേഖരണം നടത്തേണ്ടതുമാണ്. ഇവരുടെ രഹസ്യ വിവര ശേഖരണവുമായി ബന്ധപ്പെട്ട ജോലികൾ നിയന്ത്രിക്കുന്നത് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ നിന്നായിരിക്കും. എന്നാൽ ടിയാന്മാരുടെ ഡ്യൂട്ടി അവധി എന്നിവ ബന്ധപ്പെട്ട ഓഫീസിൽ മേധാവിയുടെ പരിധിയിൽ ആയിരിക്കും. ഇപ്രകാരം രഹസ്യമായി ശേഖരിക്കുന്ന വിവരം ഇന്റലിജൻസ് സെൽ നിശ്ചിത ഇടവേളകളിൽ സർക്കിൾ മേധാവികൾക്ക് കൈമാറുന്നതാണ്. ഒരോ വർഷവും മാർച്ച് 15-ന് മുമ്പായി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തി ബന്ധപ്പെട്ട സർക്കിൾ തലവന്മാർക്ക് കൈമാറുന്നതുമാണ്. ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ നിയോഗിക്കപ്പെട്ട ജീവനക്കാരൻ തൃപ്തികരമായി ജോലി ചെയ്യുന്നുണ്ടോ എന്ന വിവരം ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ പരിശോധിക്കപ്പെടുന്നതാണ്. സ്ലീപ്പർ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാണ് എന്ന് കാണുന്ന പക്ഷം തസ്തിക ബാധകമാക്കാതെ കൂടുതൽ ജീവനക്കാരെ ഇതിലേക്ക് നിയോഗിച്ചു കൊണ്ടും ഇതിന്മേൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.ഇക്കാര്യത്തിൽ നിലവിലെ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കിയും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും നടപടി ക്രമങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ